## പ്രതിവാരം
സീതി

# സമുദായത്തിന്റെ സ്വന്തം സുരക്ഷാസേന

**കഴിഞ്ഞ** ഒന്നു രണ്ടാഴ്ചകളിൽ, കേരളത്തിലെ ഏതാണ്ടെല്ലാ മുസ്‌ലിം സംഘടനകളും മതേതര രാഷ്ട്രീയ പ്രസ്ഥാനങ്ങളും 'ദേശീയ വികസന സഖ്യം' (എൻ.ഡി.എഫ്) എന്ന പേരിലറിയപ്പെടുന്ന മുസ്‌ലിം സംഘടനക്കെതിരെ പരസ്യമായി രംഗത്തുവന്ന് ഗൗരവപ്പെട്ട വിമർശനങ്ങളുന്നയിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും വലിയ മുസ്‌ലിം രാഷ്ട്രീയ പ്രസ്ഥാനമായ മുസ്‌ലിം ലീഗ്, എൻ.ഡി.എഫിനെ എല്ലാ അർഥത്തിലും ഒറ്റപ്പെടുത്തണമെന്നാണ് ആഹ്വാനം ചെയ്തിരിക്കുന്നത്. മറ്റു മുസ്‌ലിം മതസംഘടനകളും നിശിതമായ വിമർശനങ്ങളും കടുത്ത പദപ്രയോഗങ്ങളുമാണ് ഈ സംഘടനക്കെതിരെ നടത്തിയിരിക്കുന്നത്.

എൻ.ഡി.എഫിനെക്കുറിച്ചുള്ള ഏത് വിശകലനത്തിന്റെയും ഏറ്റവും വലിയ പരിമിതി അത് എന്താണെന്ന് കൃത്യമായി പറയാനുള്ള രേഖകൾ ലഭ്യമല്ല എന്നതാണ്. സംഘടനയെ പരിചയപ്പെടുത്തുന്ന പുസ്തകങ്ങളോ പ്രഭാഷണങ്ങളോ മറ്റ് ഉരുപ്പടികളോ ഇതുവരെ കാണാൻ കഴിഞ്ഞിട്ടില്ല. ഓരോ അനക്കത്തിലും അടക്കത്തിലും മറ്റു പല സംഘടനകൾക്കുമില്ലാത്ത നിഗൂഢസ്വഭാവം സ്വീകരിക്കാൻ അവർ നല്ലപോലെ ശ്രമിക്കാറുണ്ട്. സംഘടനയിലേക്ക് ക്ഷണിക്കുന്ന യോഗങ്ങൾ മുതൽ ആരംഭിക്കുന്നുണ്ട് ഈ രഹസ്യസ്വഭാവം. ലൈറ്റ് അണക്കുക, ചെരിപ്പ് അകത്ത് സൂക്ഷിക്കുക തുടങ്ങിയ കോമിക്കുകൾ യോഗങ്ങളിൽ പങ്കെടുത്ത് മടങ്ങിയവർ പങ്കുവെക്കാറുണ്ട്. അനാവശ്യമായ ഈ രഹസ്യാത്മകത സംഘടനയെക്കുറിച്ച സംശയം ജനിപ്പിക്കുന്നുണ്ടെന്ന് സൗഹാർദ പൂർവം ചൂണ്ടിക്കാട്ടുന്നവരോട് സുപ്രീം കൗൺസിൽ മുതലക്കുളത്ത് ചേരാൻ പറ്റുമോ എന്നാണ് അതിലെ സുഹൃത്തുക്കൾ തിരിച്ചു ചോദിക്കാറുള്ളത്. സംഘടനയുടെ കീഴ്ഘടകങ്ങളുടെ ഭാരവാഹികളുടെ പേരുവിവരങ്ങൾ പോലും ആദ്യമായി പത്രങ്ങളിലൂടെ മാലോകരെ അറിയിച്ചത് ഈ വർഷം മാത്രമാണ്.

മുസ്‌ലിം സംഘടനകൾ മറ്റു സംഘടനകളെ വിമർശിക്കുന്നതിൽ വലിയ ഗൗരവമൊന്നുമില്ല എന്നതാണ് വിമർശനങ്ങളോടുള്ള എൻ.ഡി.എഫിന്റെ പൊതു സമീപനം. തങ്ങളല്ലാത്തവരെയെല്ലാം വിമർശിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുകയെന്നത് മിക്ക മുസ്‌ലിം സംഘടനകളുടെയും നിലനിൽപിന്റെ വിഷയമാണ്. സ്വന്തം അണികളെ പിടിച്ചുനിർത്താനും അടിത്തറ ഭദ്രമാക്കാനും ഓരോ സംഘടനയും പരമാവധി ശ്രമിച്ചുകൊണ്ടിരിക്കും. ഈ വിമർശനങ്ങളെയും അങ്ങനെ കണ്ടാൽ മതി. സംഘടനാ പക്ഷപാതിത്വങ്ങൾക്കതീതമായി മുസ്‌ലിം സമുദായത്തിന്റെ രക്ഷയും പ്രതിരോധവും-അതാണ് ഞങ്ങളുടെ അജണ്ട; ഞങ്ങൾ അതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. വെറുതെ തർക്കത്തിനും മെഗാസ്ക്രീൻ പ്രദർശനത്തിനുമൊന്നും പോകേണ്ടതില്ല, ആ സമയവും സമുദായത്തെ സംരക്ഷിക്കുന്ന കാര്യം ശ്രദ്ധിക്കുകയാണ് ഞങ്ങൾ.

മുസ്‌ലിം സംഘടനകളുടെ പൊതുസ്വഭാവം അറിയാവുന്നവർക്ക് ഈ വിശകലനത്തിൽ തെറ്റു കാണാൻ കഴിയില്ല. സംഘടനാപരമായ ആവശ്യങ്ങൾ ഇസ്‌ലാമികമായ ആവശ്യങ്ങൾക്ക് വഴിമാറിയ കാലത്താണല്ലോ നാം ജീവിക്കുന്നത്. എന്നു മാത്രമല്ല, മുസ്‌ലിം സമൂഹം വലിയ ഭീഷണികൾ നേരിട്ടു കൊണ്ടിരിക്കെ ഇമ്മാതിരി വഷളൻ ചക്കളത്തിപ്പോരുകളിൽ ഏർപ്പെട്ട സംഘടനകളെ ചൂണ്ടിയാണ് എൻ.ഡി.എഫ് ചെറുപ്പക്കാരെ ആകർഷിക്കുന്നതുതന്നെ. നോക്കൂ, ഭീവണ്ടിയിലും അഹ്മദാബാദിലും ഇങ്ങനെയൊക്കെ സംഭവിക്കുമ്പോഴും നമ്മുടെ മുസ്‌ലിയാരുകുട്ടികളും മൗലവിമാരും കൈകെട്ടേണ്ട സ്ഥലം അന്വേഷിച്ചും ജിന്നിനെ പിടിച്ചിരുത്തേണ്ട കസേര തേടിയും പായുകയാണ്. കെട്ടാൻ ഒരു കൈ പോലും ബാക്കിയില്ലാതാകാൻ പോകുന്ന ഒരു സാഹചര്യത്തെയാണ്, ജിന്നിനു പോയിട്ട് മനുഷ്യന് പോലും നിക്കപ്പൊറുതിയില്ലാതാകാൻ പോകുന്ന ഒരു കാലത്തെയാണ് നാം അഭിമുഖീകരിക്കേണ്ടത്. അതിനാൽ നിർത്തൂ ഈ ഏർപ്പാടുകൾ, ദീനുൽ ഇസ്‌ലാമിന്റെ രക്ഷക്കായി സംഘടിക്കൂ എന്നാണ് എൻ.ഡി.എഫ് ചെറുപ്പക്കാർക്ക് നൽകിയ ലളിതമായ പാഠം.

ഇന്ത്യൻ മുസ്‌ലിംകളുടെ യഥാർഥ അവസ്ഥ അറിയാവുന്ന ആരെയും, പരമ്പരാഗത മുസ്‌ലിം സംഘടനകളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്ന ആരെയും, ആർ.എസ്.എസ്സിന്റെ ആസുരമായ അജണ്ടകളെക്കുറിച്ച് ധാരണയുള്ള ആരെയും ഈ ലളിതപാഠം ആകർഷിക്കാതിരിക്കാൻ നിർവാഹമില്ല. സംഘ് പരിവാർ രാഷ്ട്രീയത്തെ ഗൗരവത്തിൽ കാണാതെ മുസ്‌ലിം സാമുദായിക രാഷ്ട്രീയ പാർട്ടി കളിച്ച അപകടകരമായ അവസരവാദ രാഷ്ട്രീയ കളികളും ഈ മനോഭാവത്തെ അരക്കിട്ടുറപ്പിക്കുന്നതായി. മുസ്‌ലിം സംഘടനകൾ ഇങ്ങനെയൊക്കെയാണെങ്കിൽ മതേതര രാഷ്ട്രീയ സംഘടനകളുടെ കാര്യം പറയുകയേ വേണ്ട. ദിനംദിനേ ഈ സമുദായത്തെ പറ്റിച്ചുകൊണ്ടിരിക്കുക മാത്രമാണ് അവർ. സ്വയം സംഘടിച്ച് പ്രതിരോധ സജ്ജരാവുകയല്ലാതെ നമുക്ക് മുമ്പിൽ നിർവാഹമില്ല-ചെറുപ്പക്കാരെ ഈ ആഹ്വാനം എളുപ്പത്തിൽ സ്വാധീനിച്ചു.

അങ്ങനെ, മതസംഘടനകൾ തറാവീഹിന്റെ റക്അത്തുകളുടെ എണ്ണവും കണക്കുകൂട്ടി കഴിയുന്നതിനിടയിലാണ് ഉശിരും പോരിശയുമുള്ള ചെറുപ്പക്കാരിൽ നല്ലൊരു ശതമാനം അങ്ങോട്ടു പോയത്. ശാഖാ കമ്മിറ്റികളിൽ ഹാജർ

നില കുറയുകയും മൈദ കുഴക്കാനും പോസ്റ്ററൊട്ടിക്കാനും കുട്ടികളെ കിട്ടാതാവുകയും ചെയ്തപ്പോഴാണ് നേതാക്കന്മാർക്ക് കാര്യങ്ങൾ വ്യക്തമായത്. ഉടൻ അവർ സടകുടഞ്ഞെഴുന്നേറ്റു. എന്താണ് സംഭവിച്ചതെന്ന ഗവേഷണം ആരംഭിച്ചു. ചെറുപ്പക്കാരെന്തുകൊണ്ട് ഇങ്ങനെ പോയിക്കളഞ്ഞു? അന്വേഷിച്ചു കണ്ടെത്തിയ ഉത്തരം ഇങ്ങനെ: കോഴിക്കോട് മാവൂർ റോഡിലൊരു പീടികയുണ്ട്. അവിടെ മൗദൂദിയെന്നൊരാളുടെ പുസ്തകം വിൽപനക്ക് വെച്ചിട്ടുണ്ട്. അതാണ് നമ്മുടെ ചെറുപ്പക്കാരെ വഴിതെറ്റിക്കുന്നത്. അതിനാൽ ആ പീടിക നടത്തുന്നവരെയാണ് കൈകാര്യം ചെയ്യേണ്ടത്. നിൽക്കവിടെ! ഹാന്റ്സ് അപ്!

പിന്നെ കഥയായി, കഥാ പ്രസംഗമായി, ഉദ്ധരണികളുടെ മഹാ പ്രവാഹങ്ങളായി. നാടുനീളെ മൗദൂദിവിരുദ്ധ കഥാപ്രസംഗങ്ങൾ വീണമീട്ടി. മുരട് മുള്ള് മൂർഖൻ പാമ്പ് വരെ കിട്ടാവുന്നവരെയെല്ലാം ഈ വിഷയത്തിൽ കൂട്ടുപിടിച്ചു. പ്രഖ്യാപിത മതവിരുദ്ധരെപ്പോലും മൗദൂദി/ജമാഅത്ത്‌വിരുദ്ധ കൂടിയാട്ട വേദികളിൽ അണിനിരത്തി. അങ്ങനെ സമൂഹത്തിന്റെ വിപത്ത് എന്ന് അവർ വിശേഷിപ്പിച്ച തീവ്രവാദത്തിനെതിരായ പ്രചാരണം പോലും കുടിലവും സങ്കുചിതവുമായ സംഘടനാ കണക്കുതീർക്കലുകൾക്ക് ഉപയോഗപ്പെടുത്തി. എന്നാൽ, അവസാനം ഹാജറെടുത്തുനോക്കുമ്പോൾ മൗദൂദി പുസ്തകം ദിനേനയെന്നോണം പ്രാതലിനൊപ്പം വായിക്കുന്നവരും മൗദൂദിയുടെ സംഘടനക്കാരും ഒരാൾ പോലും സമുദായ സംരക്ഷണ സേനയിലില്ല. മൗദൂദിയുടെ പുസ്തകങ്ങൾ ഇല കൂട്ടി പോലും തൊട്ടുപോകരുതെന്ന് പഠിപ്പിക്കപ്പെട്ട അഹ്ലുസ്സുന്നത്തും സലഫുസ്സ്വാലിഹും (നേതൃനിരയിലുള്ളവരടക്കം) അതാ നിരന്നങ്ങനെ ഫ്രീഡം പരേഡ് നടത്തുന്നു. എന്നാലും പഴി ഇപ്പോഴും മൗദൂദിക്കു തന്നെ.

ഇനി മറുവശം. വൈകാരികമായ എരിവുകൾ മാത്രം നൽകി യുവാക്കളെ സംഘടിപ്പിക്കുകയും ആ നിലക്കുള്ള പരിപാടികൾ നടത്തുകയും ചെയ്യുന്നതിലെ സാമൂഹിക പ്രത്യാഘാതങ്ങളെക്കുറിച്ച ഗൗരവപൂർണമായ ഓർമപ്പെടുത്തലുകളെയെല്ലാം പുഛിച്ചുകൊണ്ടും പരിഹസിച്ചുകൊണ്ടും ചെറുപ്പക്കാരുടെ മസിൽ സംഘാടനത്തിൽ വ്യാപൃതരാവുകയായിരുന്നു എൻ.ഡി.എഫ്. നാട്ടിൽ നിലനിൽക്കുന്ന സൗഹാർദാന്തരീക്ഷം ചില്ലറക്കാര്യമല്ലെന്നും നമ്മുടെ സമൂഹത്തിന്റെ തന്നെ ആരോഗ്യകരമായ നിലനിൽപിനും ഇസ്ലാമികമായ ആവിഷ്കാരങ്ങൾക്കും അനുയോജ്യമായ സാമൂഹിക അവസ്ഥകളെ തകിടം മറിക്കരുതെന്നുമുള്ള നിരീക്ഷണങ്ങളെ മതത്തിന്റെ ഐസ്ക്രീംവത്കരണമായി അവർ വ്യാഖ്യാനിച്ചു. ഭീരുക്കളുടെ മതവ്യാഖ്യാനത്തിന് ചെവികൊടുക്കാൻ ഞങ്ങളെ കിട്ടില്ലെന്ന് പ്രഖ്യാപിച്ചു. നാടുനീളെ മെഴുകിതിരി കെടുത്തിയ ക്ലാസ്സുകളും കരാട്ടെ പരിശീലനങ്ങളും നൽകി യുവാക്കളെ സവിശേഷമായൊരു മാനസിക ശാരീരിക അവസ്ഥയിലെത്തിക്കുന്നതിൽ അവർ ശ്രദ്ധവെച്ചു. അതിവേഗം ചെറുപ്പക്കാരിൽ വേരോട്ടം നേടാൻ ഇത് സഹായിച്ചു. അത്യസാധാരണമായ സംഘാടനപാടവമോ ആസൂത്രണമോ ആയി ഇതിനെ വ്യാഖ്യാനിക്കുന്നതിൽ അർഥമില്ല. അതിവൈകാരികതകളുടെ ആരവങ്ങളിൽ ആളെക്കൂട്ടാൻ വലിയ മിടുക്കൊന്നും ആർക്കും ആവശ്യമില്ല.

സാമുദായികവും വർഗീയവുമായ വൈകാരികതകളിൽ ആളെക്കൂട്ടുന്നതിലെ അപകടത്തെക്കുറിച്ച് മൗദൂദി നിശിതമായി നിരൂപണം ചെയ്തിട്ടുണ്ട്. ഗൂഢാത്മക സ്വഭാവവും സുതാര്യതയില്ലായ്മയും സംഘടനകളെയും സമൂഹത്തെയും ശൈഥില്യത്തിലേക്കും സംശയത്തിലേക്കും തുടർന്ന് തിരിച്ചുവരാൻ പറ്റാത്ത അപകടങ്ങളിലേക്കും നയിക്കുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകുകയുണ്ടായി. അധാർമികവും ഗൂഢവുമായ ബന്ധങ്ങളിലേക്കും അടവുനയങ്ങളിലേക്കും അഡ്ജസ്റ്റ്മെന്റുകളിലേക്കും അത് അവരെ നയിക്കും. വിപ്ലവം അതിന്റെ സന്തതികളെ കൊന്നുതിന്നുന്ന അവസ്ഥക്കും അത് കാരണമാവും. ഇതിന്റെയൊക്കെ ലക്ഷണങ്ങൾ നമ്മുടെ സമുദായ സംരക്ഷണ സംഘവും വേണ്ടതിലധികം പ്രദർശിപ്പിച്ചു തുടങ്ങിയിരിക്കുന്നു.

മുസ്ലിം സംഘടനകൾക്കിടയിലെ പടലപ്പിണക്കങ്ങളെയും സങ്കുചിതത്വങ്ങളെയും സമൃദ്ധമായി പരിഹസിക്കുന്നവരാണ് ഇവർ. എന്നാൽ കേരള മുസ്ലിം സംഘടനാ ചരിത്രത്തിൽ തന്നെ ഒരുപക്ഷേ ആദ്യമായി സ്വന്തം സംഘടനയുടെ ഒരു അനൗദ്യോഗിക പോഷക ഘടകത്തിൽനിന്ന് വിട്ടുപോയ ആളുടെ ഭാര്യയെപ്പോലും സായുധമായി ആക്രമിച്ചു പരിക്കേൽപിച്ച അനുഭവം ഈ സംഘടനയുടെ സംഭാവനയാണ്. എൻ.ഡി.എഫിന്റെ അനൗദ്യോഗിക പോഷക സംഘടനയായ ഇമാം കൗൺസിലിന്റെ സെക്രട്ടറിയായിരുന്നു കരുനാഗപ്പള്ളിയിലെ സലീം ഹമദാനി. അദ്ദേഹത്തിന്റെ ഭാര്യയാകട്ടെ വിമൻസ് ഫ്രണ്ടിന്റെ പ്രാദേശിക നേതാവും. ഒരുനാൾ അദ്ദേഹം ജിഹാദ് നിർത്തി മുജാഹിദ് ആയി. മുജാഹിദ് സുന്നിയായാലും സുന്നി മുജാഹിദായാലും രണ്ടു കൂട്ടരും മൈക്കും ആംപ്ലിഫയറും കിതാബുകളും (ഇപ്പോൾ) സി.ഡികളുമായാണ് പോരടിക്കുക. അതിനെ പരിഹസിച്ചിരുന്നവർ കളം മാറ്റിച്ചവിട്ടിയ തങ്ങളുടെ നേതാവിനെയും ഭാര്യയെയും വാളു കൊണ്ടാണ് നേരിട്ടത്. ഓരോരുത്തരും അവരവർ പഠിപ്പിക്കപ്പെട്ടത് പ്രയോഗിക്കുന്നു - അത്ര തന്നെ. അപ്പോഴും ബാക്കിയാവുന്ന ചോദ്യം, കൊടും യുദ്ധത്തിൽ പോലും സ്ത്രീകളെ തൊട്ടു കളിക്കരുതെന്ന ഇസ്ലാമിന്റെ പാഠം എവിടെപ്പോയി എന്നതാണ്. അതും ഒരു യുദ്ധപാഠം തന്നെയാണല്ലോ. കഴിഞ്ഞ ജനുവരി 27-ന് തിരുവനന്തപുരത്ത് സലീം ഹമദാനിയും യൂസുഫ് നദ്‌വിയും നടത്തിയ പത്രസമ്മേളനത്തിൽ തങ്ങൾ ഇപ്പോഴും ഭീഷണിയുടെ നിഴലിലാണെന്ന് പറയുകയുണ്ടായി.

‘വിശുദ്ധ റമദാനിന്റെ അവസാനത്തെ ദിവസം ഒരു മുസ്ലിം യുവാവ് (ഫസൽ) ഇത്രയും ക്രൂരമായി കൊല ചെയ്യപ്പെട്ടിട്ടും കേരളത്തിലെ മുസ്ലിം സംഘടനകളോ അതിന് നേതൃത്വം കൊടുക്കുന്ന പണ്ഡിതന്മാരോ കമാ എന്നൊരക്ഷരം ഉരിയാടിയില്ല. ഫാഷിസ്റ്റുകളുടെ അപ്രീതി സമ്പാദിക്കേണ്ട എന്നു കരുതി നിന്ദ്യമായ ഭീരുത്വം സ്വീകരിച്ച് തങ്ങളുടെ ഷണ്ഡത്വം ഒരിക്കൽകൂടി തെളിയിക്കുകയാണ് ഈ സമുദായ നേതാക്കന്മാർ ചെയ്തത്’ എന്ന് *തേജസ്* ദ്വൈവാരിക (ഫെബ്രുവരി 1–15) പരാതിപ്പെടുന്നുണ്ട്. ഇതേ പരാതി തന്നെയാണ് ഇപ്പോൾ തലശ്ശേരിയിലെ മുസ്ലിംകളും ഉന്നയിക്കുന്നത്. ഫസൽ കൊലചെയ്യപ്പെട്ടിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ഒരു പൂച്ചക്കുട്ടി പോലും പിടിക്കപ്പെട്ടിട്ടില്ല. പിടിക്കപ്പെടാത്തവരെ പിടിക്കുകയും ശിക്ഷിക്കപ്പെടാത്തവരെ ശിക്ഷിക്കുകയും ചെയ്യുന്ന ആൺകുട്ടികളുടെ പാർട്ടിക്ക് പ്രതികളെ പിടിക്കാത്തതിന്റെ പേരിൽ ഒരു സാധു ധർണയെങ്കിലും നടത്താമായിരുന്നു. കൊലയാളികളെ പിടികൂടണമെന്നു പറഞ്ഞ് തലശ്ശേരിയിൽ ഹർത്താൽ നടത്തിയതും സി.ബി.ഐ അന്വേഷണം ആവശ്യപ്പെട്ട് ഇപ്പോൾ ഒപ്പുശേഖരണം നടത്തുന്നതും കോൺഗ്രസ്സും യു.ഡി.എഫുമാണ്. തലശ്ശേരിക്കാർ പറയുന്നത് ഇങ്ങനെയാണ്: കൊല നടത്തിയത് മാർക്സിസ്റ്റ് പക്ഷത്തുള്ളവരാണ് എന്ന് ഏതാണ്ട് ഉറപ്പായിരിക്കുന്നു. ആളെ പിടിക്കേണ്ട ചുമതലയുള്ള മാർക്സിസ്റ്റ് മന്ത്രിയുമായി ചില്ലറ ഇടപാടുകളുണ്ട്. അദ്ദേഹത്തെ നന്നെച്ചുരുങ്ങിയത് ഇക്കാര്യത്തിലെങ്കിലും പിണക്കാൻ പറ്റില്ല. ഇതിലെ ആളെ പിടിക്കണമെങ്കിൽ മറ്റു ചിലതിലെ ആളുകളെയും പിടിക്കേണ്ടിവരും; സംഗതി നഷ്ടമാകും. അപ്പോൾ സമുദായ നേതാക്കളെപ്പോലെത്തന്നെ കമാ എന്നുച്ചരിക്കാതെ അടങ്ങിയിരിക്കുകയേ നിർവാഹമുള്ളൂ. ജിഹാ

ദിൽ ഇടപാടുകൾ പ്രവർത്തിക്കുന്ന രീതിയെക്കുറിച്ചാണ് പറഞ്ഞുവരുന്നത്.

ജിഹാദിന് സംഭവിക്കാവുന്ന മറ്റൊരു ഗതിയെക്കുറിച്ചാണ് തിരൂർ പറഞ്ഞുതരുന്നത്. അനിസ്ലാമികമായ പുതിയങ്ങാടി നേർച്ച നടക്കാതിരിക്കണമെന്ന അഭിപ്രായമാണ് പൊതുവെ മുസ്‌ലിം പണ്ഡിതന്മാർക്കും പൊതുജനങ്ങൾക്കും. അവർ അതിനെതിരെ ബോധവത്കരണവും സാധാരണരീതിയിലുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നു. പക്ഷേ ഇമ്മാതിരി സാധു ബോധവത്കരണം കൊണ്ട് നേർച്ച നിർത്തിക്കളയാമെന്ന് ആലോചിക്കുന്നവർ മതത്തെ ആത്മസംയമനത്തിന്റെ തൊട്ടിലിലാട്ടുന്ന ഭീരുക്കൾ. നേർച്ച തടയാനുള്ള വഴി നമ്മുടെ പക്കലുണ്ട്. അതങ്ങ് നടപ്പാക്കി. നടപ്പാക്കിക്കഴിഞ്ഞപ്പോഴാണ് ഉശിരൻ ജിഹാദിന്റെ പുതിയ പാഠങ്ങൾ തിരൂരുകാർ കാണുന്നത്. ആർ.എസ്.എസ്സുകാർ തലങ്ങും വിലങ്ങും കണ്ണിൽ കണ്ടവരെ വെട്ടാൻ തുടങ്ങി. പ്രതിരോധിക്കേണ്ട സമുദായ സംരക്ഷണ സേനാംഗങ്ങൾ സ്വന്തം കൂട്ടു കുടുംബ പരാധീനങ്ങളെയെല്ലാം 'ഐസ്ക്രീം ഇസ്‌ലാമിക'രുടെ വീടുകളിൽ ഏൽപിച്ച് പൊത്തുകളിലൊളിക്കുന്ന കാഴ്ചയാണ് പിന്നെ കാണാൻ കഴിഞ്ഞത്. പടനിലങ്ങളിൽനിന്ന് പിന്തിരിഞ്ഞോടരുതെന്നതും ഇസ്‌ലാമിന്റെ ഒരു യുദ്ധപാഠം തന്നെയാണല്ലോ. യുദ്ധപാഠങ്ങളിലൂടെ അണികളെ പിടിച്ചവർ പാഠങ്ങളോരോന്നും മറക്കുകയോ?

തിരൂർ സംഭവവും മോഡി സന്ദർശനവും കേരളത്തിൽ സൃഷ്ടിച്ച സവിശേഷമായ സാമുദായിക അവസ്ഥയാണ് മുസ്‌ലിം സംഘടനകളെയൊന്നാകെ ശക്തമായ നിലപാടെടുക്കാൻ ഇപ്പോൾ പ്രേരിപ്പിച്ചത്. ചെറുപ്പക്കാരെ സാമുദായിക അതിവൈകാരികതയുടെ പേരിൽ സംഘടിപ്പിക്കുന്നതിലെ അപകടങ്ങൾ മുസ്‌ലിം സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിൽ നിശ്ശബ്ദമായ പ്രവർത്തനരീതിയായിരുന്നു ഇസ്‌ലാമിക പ്രസ്ഥാനം ഇതുവരെ സ്വീകരിച്ചുപോന്നത്. ഇസ്‌ലാമിക പ്രവർത്തനത്തിന്റെ സന്തുലിത വഴികളിലേക്ക് യുവാക്കളെ നയിക്കാൻ അത് സഹായകമാവുകയും ചെയ്തു. അതോടൊപ്പം തന്നെ കേരളം കശ്മീരാവുന്നുവെന്ന സംഘികളുടെ പ്രചാരണത്തിന് ബലമേകുന്ന നിലപാടുകൾ ഉണ്ടാവരുതെന്നും ഇസ്‌ലാമിക പ്രസ്ഥാനത്തിന് നിർബന്ധമുണ്ടായിരുന്നു. അക്കാരണം കൊണ്ടുതന്നെയാണ് മതസംഘടനകൾ നടത്തുന്നതു പോലെയുള്ള പരസ്യമായ തീവ്രവാദവിരുദ്ധ തീവ്രവാദങ്ങൾ അത് ഉന്നയിക്കാതിരുന്നത്. പക്ഷേ, വർഷങ്ങളിലൂടെ നാം പണിപ്പെട്ട് നേടിയെടുത്ത സാമൂഹിക കെട്ടുറപ്പുകൾ അപായപ്പെടുമ്പോൾ മൗനമായിരിക്കുന്നത് ഇസ്‌ലാമിനോടും മനുഷ്യസമൂഹത്തോടും ചെയ്യുന്ന കടുത്ത അനീതിയായിരിക്കുമെന്ന് നാം തിരിച്ചറിഞ്ഞേ മതിയാവൂ.

തങ്ങളുടെ പാഠങ്ങളും പ്രബോധനങ്ങളും അണികളെ ഏതവസ്ഥയിലാണ് എത്തിച്ചിരിക്കുന്നതെന്ന ആഴമുള്ള ആത്മപരിശോധന എൻ.ഡി.എഫ് നേതൃത്വം എത്രയും നേരത്തേ നടത്തുന്നുവോ അത്രയും നന്നായിരിക്കും. കാരണം, തീവ്രനിലപാടുകളിലൂടെ സംഘടിപ്പിക്കപ്പെട്ടവർ കൈവിട്ടു പോകുമ്പോൾ തിരിച്ചുവിളിക്കണമെന്ന് തോന്നിയാലും അത് സാധിക്കാത്ത അവസ്ഥ വന്നുചേർന്നെന്നിരിക്കും. അതിനും ഞങ്ങൾക്ക് സാധിക്കും എന്നാണെങ്കിൽ അത് അതിരുകവിഞ്ഞ ആത്മവിശ്വാസമാകാനേ തരമുള്ളൂ. ■